യ്ക്കുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ 'ബ്രീത്ത് അനലൈസർ' ഉപയോഗിച്ച് കണ്ടുപിടിച്ച് നിയമനടപടികളെടുക്കുന്നു. റ്റൈം എൻഫോഴ്സ്മെന്റ് ചെക്കിംഗ് ഏർപ്പെടുത്തി സിറ്റികളിൽ അമിതവേഗത ഒഴിവാക്കാൻ നടപടിയെടുത്തുവരുന്നു. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും റേഡിയോ, ദൂരദർശൻ തുടങ്ങിയ മാധ്യമങ്ങളിലൂടെയും ജനങ്ങൾക്ക് ഉപദേശങ്ങൾ നൽകിവരുന്നു. ട്രാഫിക് അദാലത്തുകൾ, ട്രാഫിക് വാരാഘോഷങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. 'സ്റ്റുഡന്റ്സ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം' ഉൾപ്പെടുന്ന 'സിംക്രൈസ്ഡ് ട്രാഫിക് എഡ്യൂക്കേഷൻ എക്സ്റ്റൻഷൻ പ്രോഗ്രാം' നടപ്പിലാക്കിവരുന്നു. ട്രാഫിക് പോലീസിനെ സഹായിക്കാൻ ട്രാഫിക് വാർഡൻ സമ്പ്രദായം നടപ്പാക്കിവരുന്നു. ട്രാഫിക് സ്റ്റേഷന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാനും എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ എല്ലാം ഫലമായി വാഹനാപകടങ്ങളുടെയും അപകടങ്ങളിൽ പരിക്കു പറ്റുന്നവരുടെയും മരണമടയുന്നവരുടെയും എണ്ണത്തിൽ ഒരു നേരിയ കുറവ് കഴിഞ്ഞ 2 വർഷമായി ഉണ്ടായിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(5) കുന്ദമംഗലം മുക്കം പഞ്ചായത്തിലെ അബൂബക്കർ എന്ന ആളുടെ കൊലപാതകം

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, കുന്ദമംഗലം നിയോജക മണ്ഡലത്തിൽപ്പെട്ട മുക്കം പഞ്ചായത്തിൽ തോട്ടത്തിൽക്കടവ് എന്ന സ്ഥലത്തുവച്ച് നീലേശ്വരം എസ്റ്റേറ്റിലെ തൊഴിലാളിയും സി.ഐ.ടി.യുവിന്റെ പ്രവർത്തകനുമായ എൻ.സി. അബൂബക്കറെ ബി.ജെ.പി., ബി.എം.എസ് പ്രവർത്തകർ അഞ്ചാറുപേർ കൂടി കഴിഞ്ഞ ബുധനാഴ്ച കൊലപ്പെടുത്തുകയുണ്ടായി. തനിക്കുനേരെ ഇവരുടെ ഭാഗത്തുനിന്ന് വധഭീഷണിയുണ്ടെന്ന് രണ്ടുദിവസംമുമ്പ് പോലീസിന് പരാതി കൊടുത്തിട്ട് മുക്കം പോലീസ് ഗൗരവമായി ഈ പ്രശ്നം കൈകാര്യം ചെയ്യാത്ത ഒരു സ്ഥിതികൂടി ഉണ്ടായിട്ടുണ്ട്. പ്രതികളെ ഇതുവരെ അറസ്റ്റു ചെയ്തിട്ടില്ല. അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : അതിനെ സംബന്ധിച്ച് നോട്ടീസിൽ ഒന്നും കാണുന്നില്ല.

മി. സ്പീക്കർ : ഇന്നലെ പോസ്റ്റു ചെയ്തതാണ്.

ശ്രീ. ഇ.കെ. നായനാർ : ഇന്നലത്തേയോ,

മി. സ്പീക്കർ : അതെ, ശ്രീ. സി.പി. ബാലൻ വൈദ്യരുടെ.

ശ്രീ. ഇ.കെ. നായനാർ : അതിനെപ്പറ്റി ആലോചിച്ച് നടപടിയെടുക്കുന്നതാണ്.

മി. സ്പീക്കർ : അല്ല, മുഖ്യമന്ത്രിയുടെ കയ്യിൽ ഉണ്ടെന്നു പറഞ്ഞു,

ശ്രീ. ഇ.കെ. നായനാർ : എനിക്കു കിട്ടാത്തത് ഞാൻ എന്തു ചെയ്യാനാ? അബൂബക്കർ എന്ന സി.ഐ.ടി.യു. പ്രവർത്തകനെ കൊലചെയ്ത വാർത്ത ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ എഴുതി കിട്ടേണ്ടേ? ആ വാർത്തയുണ്ട്. അതിനെ സംബന്ധിച്ച് പോലീസ് അന്വേഷണവും ഉണ്ട്. അത് എന്റെ കൈയിലില്ല. റിപ്പോർട്ട് ഇല്ല, അവിടെ കിട്ടിയിട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : കിട്ടി, കിട്ടി. ഇന്നു മറുപടി പറയാമെന്ന് എന്നെ അറിയിച്ചതുകൊണ്ടാണ് ഞാൻ വിളിച്ചത്.

ശ്രീ. ഇ.കെ. നായനാർ : ഇതിലില്ല. ചെർക്കളം. പ്രകാശ് ബാബു ജോസ് ബേബി, പിന്നെ ജയദേവൻ. ഇന്നത്തേതിൽ ഇല്ല. ഒന്നുകിൽ മറ്റൊരു ദിവസത്തേയ്ക്കു വയ്ക്കുക.....

മി. സ്പീക്കർ : മറ്റൊരു ദിവസത്തേക്ക് വയ്ക്കാം.

ശ്രീ. ഇ.കെ. നായനാർ : ന്യൂസ് വേണമെങ്കിൽ ഞാൻ പറയാം. ബഹു. വൈദ്യർ പറഞ്ഞിട്ടുള്ള കൊലപാതകത്തെ സംബന്ധിച്ച് അബൂബേക്കർ എന്ന സി.ഐ.ടി.യു യൂണിയൻ പ്രവർത്തകനെ തിരുവമ്പാടിയിൽ കൊലപ്പെടുത്തിയ സംഭവത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. സംഗതി ഞാൻ പറയാം. ആ കൊലക്കുറ്റത്തിന് 92-ാം വകുപ്പുപ്രകാരം കേസ് എടുക്കാനും കുറ്റവാളികളെ അറസ്റ്റ് ചെയ്യാനും ആവശ്യമായ നടപടികളെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെ ക്രൂരമായ സംഭവമാണ് നടന്നത്. ആർ.എസ്.എസ്., ബി.ജെ.പി. ഭാഗത്തു നിന്നാണ് കൊലപാതകം നടന്നത്. അതാണ് വാസ്തവം. പോരേ.

(6) കായംകുളത്തുനിന്നും കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, കെ.എസ്.ആർ.ടി.സി. കായംകുളത്തോട് കാണിക്കുന്ന അവഗണനയിൽ പ്രതിക്ഷേധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തെക്കൻ കാശി എന്നറിയപ്പെടുന്ന ഓച്ചിറയ്ക്കു സമീപമുള്ള ഈ പ്രധാനപ്പെട്ട സ്ഥലം രണ്ടു റെയിൽവേ ലൈനുകളുടെ സംഗമസ്ഥാനം കൂടിയാണ്. ദേശീയജലപാത, നാഷണൽ ഹൈവേ എല്ലാം സംഗമിക്കുന്നത് ഈ സ്ഥലത്താണ്. ഇന്റർ സ്റ്റേറ്റ് സർവീസുകൾ തുടങ്ങുമ്പോൾ സർവീസുകൾ പരിഗണനയ്ക്ക് അയക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. മധുര, കോയമ്പത്തൂർ, പളനി, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളടക്കം അഭ്യർത്ഥിച്ചിരുന്നു. അത് പരിഗണിക്കുകയാണെന്നും അനുവദിക്കുകയാണെന്നും മന്ത്രി ശ്രീ. കുറുപ്പ് ഇവിടെ പറഞ്ഞിരുന്നതാണ്. പക്ഷേ കുറുപ്പ് വാക്കു പാലിച്ചില്ല, പുതിയ മന്ത്രി വന്നതിനുശേഷവും അദ്ദേഹത്തിന്റെ പരിഗണനയിൽ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അടിയന്തിരമായി ഇന്റർസ്റ്റേറ്റ് സർവീസ് തുടങ്ങേണ്ട ഒരു സ്ഥലമാണ്. നിയമസഭയിൽ നൽകിയ വാക്കു പാലിക്കണം. ഒരു വാക്കു കൂടി പറയാനുണ്ട്. ഞാൻ രാഷ്ട്രീയം പറയുകയല്ല, കൊട്ടാരക്കര മുതൽ ആലപ്പുഴ വരെ യു.ഡി.എഫ്. ജയിച്ച അഞ്ചു മണ്ഡലങ്ങളിൽ അനുവദിച്ചപ്പോഴും കരുനാഗപ്പള്ളി മുതൽ അമ്പലപ്പുഴ വരെയുള്ള എൽ.ഡി.എഫ്. ജയിച്ച ഓച്ചിറയടക്കമുള്ള പ്രദേശത്ത് ഒരു ഒറ്റയെണ്ണം അനുവദിച്ചിട്ടില്ല എന്നുള്ളത്, തന്നതിനുള്ള വിരോധമല്ല; തരണം, ഇത് പരിഗണിച്ചില്ലെന്നുള്ളത് പ്രതിക്ഷേധാർഹമായ കാര്യമാണ്. പരിഗണിക്കണം. എൽ.റ്റി.പി.സി. എന്നുപറയുന്ന മഹത്തായ ഒരു സ്ഥാപനം തുടങ്ങിയശേഷം ഹരിപ്പാടു നിന്നും കായംകുളത്തുനിന്നും ആയിരക്കണക്കിന് തൊഴിലാളികൾക്ക് പോകാൻ വേണ്ടി ഓരോ സർവീസ് തുടങ്ങണമെന്നു പറഞ്ഞിട്ടു പോലും കെ.എസ്.ആർ.ടി.സി. അതിന്റെ പങ്ക് നിർവഹിച്ചിട്ടില്ല. സോഷ്യലിസ്റ്റു നേതാവായ പി.കെ. കുഞ്ഞുസാഹിബിന്റെ കൂടെ നാടായ കായംകുളത്തോട് കുറുപ്പുസാറിന്റെ കാലത്തു കാണിച്ച അവഗണന അങ്ങ് പരിഹരിക്കണമെന്ന് ഞാൻ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly